വനംവകുപ്പിൽ പുതുക്കി നിശ്ചയിച്ച മിനിമം വേജസ് കൂടിശ്ശിക സഹിതം വിതരണം ചെയ്യാൻ നടപടി

77 [5545] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് പുതുക്കിക്കൊണ്ടുള്ള സർക്കാർ വിജ്ഞാപനം അസാധാരണ ഗസറ്റായി പുറത്തിറക്കിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) സർക്കാർ വിജ്ഞാപനം അനുസരിച്ചുള്ള മിനിമം വേജസ് വനം ഡിപ്പാർട്ട്മെന്റിൽ നാളിതുവരെ നടപ്പാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണ് ഈ വകുപ്പിൽ മാത്രം ആയത് നടപ്പാക്കാതിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) വനംവകുപ്പിലെ വികസനവിഭാഗം ചീഫ് കൺസർവേറ്റർ പി. എ. 50831/92 നമ്പരിലുള്ള കത്തുപ്രകാരം പുതുക്കിയ മിനിമം വേജസ് വനം വകുപ്പിൽ തൽക്കാലം പ്രാബല്യത്തിൽ വരുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) തന്മൂലം വനംവകുപ്പിന്റെ വിവിധ തടി ഡിപ്പോകളിലും മറ്റുമായി പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് പ്രസ്തുത മിനിമം കൂലി നിഷേധിക്കപ്പെട്ടിരിക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സർക്കാർ നിശ്ചയിച്ച മിനിമം വേജസ് ഈ വകുപ്പിലും കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-6-2002-ൽ. കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്.

(സി) ടി ഉത്തരവ് വനംവകുപ്പിന് മാത്രമായി പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സർക്കാർ ഉത്തരവ് വനം വകുപ്പിലെ തൊഴിലാളികളുടെ വേതനവും വിവിധ പ്രവൃത്തികൾക്കുള്ള കുറഞ്ഞ നിരക്കും പ്രത്യേകമായി പുതുക്കിക്കൊണ്ടുള്ളതാണ്. ഈ രണ്ടു നിരക്കുകളും തമ്മിൽ പരസ്പരബന്ധമില്ലാതെ വ്യത്യസ്തമായി കാണുന്നു. ഇതിനുപുറമേ മറ്റു ചില പോരായ്മകളും ഉള്ളതിനാൽ പുതുക്കിയ കൂലി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പോരായ്മകൾ പരിഹരിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ ചില അപാകതകൾ ഉള്ളതിനാൽ അവ പരിഹരിച്ച് അറിയിക്കുന്നതുവരെ ടി സർക്കാർ ഉത്തരവ് നടപ്പിലാക്കരുതെന്ന് എല്ലാ സീനിയർ ഫോറസ്റ്റ് ആഫീസർമാരും കൂടി എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ വികസന വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പി. 450831/92 എന്ന നമ്പരിലുള്ള കത്തുപ്രകാരം എല്ലാ കൺസർവേറ്റർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) സർക്കാർ നിശ്ചയിച്ച് മിനിമം വേജസ് ഉത്തരവ് നടപ്പിലാക്കുന്ന ദിവസം മുതൽ പുതുക്കിയ കൂലി കൊടുക്കുന്നതാണ്. ഇത് മുൻകാലപ്രാബല്യം നൽകി നടപ്പിലാക്കാനോ, അതിന്റെ കുടിശ്ശിക വിതരണം ചെയ്യുവാനോ സാധിക്കുകയില്ല.

അവശ സർക്കസ് കലാകാരന്മാർക്ക് നൽകുന്ന പെൻഷൻ

78 [5556] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ സർക്കസ് കലാകാരന്മാർക്ക് പെൻഷൻ നൽകുന്ന പദ്ധതി പ്രകാരം എത്ര പേർക്കാണ് പെൻഷൻ നൽകിവരുന്നത്;

(ബി) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ പെൻഷൻ തുക എത്രയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 10 ജില്ലകളിലായി 374 പേർക്ക് പെൻഷൻ നൽകി വരുന്നു. 4 ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

1.	കോട്ടയം	..	1
2.	വയനാട്	..	ഇല്ല
3.	മലപ്പുറം	..	8
4.	ആലപ്പുഴ	..	4
5.	പാലക്കാട്	..	3
6.	കണ്ണൂർ	..	342
7.	കോഴിക്കോട്	..	15
8.	എറണാകുളം	..	1
9.	പത്തനംതിട്ട	..	ഇല്ല
10.	കാസർഗോഡ്	..	ഇല്ല
	ആകെ	..	374

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രതിമാസം 500 രൂപയാണ് പെൻഷൻ.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

ചോദ്യം നമ്പർ 5546 മുതൽ 5555 വരെയുള്ളവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly